**ക്രമപ്രശ്നം**

ചട്ടങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

ഡോ. മാത്യു കുഴൽനാടൻ: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 (എ) പ്രകാരം ഏതെങ്കിലും ഒരു ചട്ടം നിർമ്മിച്ചുകഴിഞ്ഞാൽ രണ്ട് മാസത്തിനകം അത് സഭയുടെ മുമ്പാകെ സമർപ്പിക്കണമെന്ന ഒരു വ്യവസ്ഥയുണ്ട്. നിരന്തരം അതിന് എക്സംപ്ഷൻ കൊടുക്കുകയും അല്ലെങ്കിൽ അത് നടക്കാതെ പോകുകയോ ചെയ്യുന്നതുകൊണ്ട് പലപ്പോഴും അത് നടക്കാറില്ല. ഇതിനേക്കാൾ അതീവ ഗൗരവകരമായൊരു കാര്യം, ഒരു സാമാജികനെന്ന നിലയിലും അതുപോലെ സഭയ്ക്കാകമാനം അങ്ങേയറ്റം അപമാനമുണ്ടാക്കിയ സംഭവമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അതായത് പോലീസ് ആക്ടിന്റെ ചട്ടം ആദ്യം വന്നത് എസ്.ആർ.ഒ. നം. 275/2020 ആണ്. അത് 17-04-2020-ൽ പബ്ലിഷ് ചെയ്യുകയുണ്ടായി. ആ ചട്ടങ്ങൾ 01-06-2021-ന് അതായത് ഒരു വർഷത്തിനുശേഷം സഭയ്ക്ക് മുമ്പാകെ വച്ചു. സ്വാഭാവികമായും അംഗങ്ങൾ അത് പരിശോധിച്ച് അതിൽ ഭേദഗതികൾ നിർദ്ദേശിക്കുകയുണ്ടായി. പ്രത്യേകിച്ച് എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ.

എൻ. ഷംസുദ്ദീൻ, അദ്ദേഹം എല്ലാം വളരെ ആഴത്തിൽ പരിശോധിക്കുന്ന ഒരു വ്യക്തിയാണ്. അദ്ദേഹം ഭേദഗതി നൽകിയത് ഒൻപതാം വകുപ്പിനാണ്. അദ്ദേഹം സഭയ്ക്കുമുമ്പാകെ വച്ച രേഖകൾ പരിശോധിച്ച് ഒൻപതാം വകുപ്പിനെ സ്വാഗതം ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി പറഞ്ഞു. അതിന് മുതിർന്ന മന്ത്രി, എന്റെ ഓർമ്മ ശരിയാണെങ്കിൽ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയായ ശ്രീ. എം. വി. ഗോവിന്ദൻമാഷായിരുന്നു മറുപടി പറഞ്ഞത്. എന്നാൽ അദ്ദേഹം മറുപടി പറഞ്ഞപ്പോഴും പ്രത്യേകിച്ച് ഒരു കാര്യവും പരാമർശിച്ചില്ല. എന്നാൽ പിന്നീട് രണ്ടാമത്തെ സമ്മേളനത്തിലും 275/2020-ാം നമ്പർ എസ്.ആർ.ഒ. വീണ്ടും വയ്ക്കേണ്ടിവന്നു. അന്നേരം ഞാനടക്കമുള്ള അംഗങ്ങൾ 05-10-2021-ന് ഭേദഗതികൾ നൽകുകയും അതിനെ സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തു. അതിനുശേഷമാണ് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടത്. അതായത് ഈ എസ്.ആർ.ഒ. നിയമസഭ ചർച്ച ചെയ്യുന്ന സമയത്ത്, ആദ്യത്തെ എസ്.ആർ.ഒ. ഇറക്കി ഒരു മാസം കഴിഞ്ഞപ്പോൾ 345/2020-ാം നമ്പർ എസ്.ആർ.ഒ. അമെന്റ്മെന്റ് വഴി ആ ഒൻപതാം ചട്ടത്തിലെ പല പ്രൊവിഷൻസും നീക്കം ചെയ്യുകയും ഭേദഗതി വരുത്തുകയും ചെയ്തിരുന്നു. അപ്പോൾ ആ കാര്യം സഭയുടെ മുമ്പിൽ കൊണ്ടുവരികയോ,

സഭയുടെ മുമ്പിൽ വയ്ക്കാതിരിക്കുകയും എന്നിട്ട് ചർച്ച നടക്കുമ്പോൾ, കുറഞ്ഞപക്ഷം മന്ത്രി ആ ഒൻപതാം വകുപ്പിനുള്ള മറുപടി പറഞ്ഞ സന്ദർഭത്തിലെങ്കിലും ഇങ്ങനെയൊരു മാറ്റം വരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിക്കുകയോ സഭയോട് പറയാതിരിക്കുകയും ചെയ്തു. ഇത് നിയമസഭാ സാമാജികൻ എന്ന നിലയിൽ മാത്രമല്ല, മന്ത്രിമാർപോലും കഥയറിയാതെ ആട്ടം കാണുന്ന സ്ഥിതിയാണ് ഇവിടെ നടക്കുന്നത്. എത്ര കാഷ്വലായിട്ടാണ് നിയമസഭയെ ഉദ്യോഗസ്ഥർ കാണുന്നതെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണത്. നിലവിലില്ലാത്ത ഒരു ചട്ടത്തെക്കുറിച്ച് ഒരു സാമാജികന് അഭിപ്രായം പറയേണ്ടിവരികയെന്നതും നിലവിലില്ലാത്ത ഒരു ചട്ടത്തിൽ വന്ന ഭേദഗതിയെക്കുറിച്ച് മന്ത്രി മറുപടി പറയേണ്ടിവരികയെന്നതും അങ്ങേയറ്റം അപമാനകരമായ സംഗതിയാണ്. ഇതുസംബന്ധിച്ച് ശക്തമായ റൂളിംഗ് ബഹുമാനപ്പെട്ട ചെയർ നടത്തേണ്ടതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):സർ, 2011 -ലെ കേരള പോലീസ് ആക്ടിന് കീഴിൽ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ നടപടിക്രമങ്ങളെല്ലാം പാലിച്ച്, 2020-ൽ കേരള പോലീസ് ചട്ടങ്ങളെന്ന പേരിൽ എസ്.ആർ.ഒ. നം. 275/2020 ആയി 2020 ഏപ്രിൽ 17-ാം

തീയതിയിലെ 1056-ാം നമ്പർ അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്തിരുന്നു. അപ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങളിൽ കേരള പോലീസ് സേനയിലെ അസോസിയേഷനുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചില ഭേദഗതികൾ ആവശ്യമായി കണ്ടതിനാൽ ഈ ചട്ടങ്ങളിലെ ഒൻപതാം ചട്ടം ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 2020-ലെ കേരള പോലീസ് ഭേദഗതി ചട്ടങ്ങൾ വിഷയനിർണ്ണയ സമിതിയുടെ സാധൂകരണത്തിന് വിധേയമായി 26-05-2020-ാം തീയതിയിലെ 1266-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നം. 345/2020 ആയി വിജ്ഞാപനം ചെയ്യുകയുണ്ടായി. എന്നാൽ സംസ്ഥാനത്ത് കോവിഡ്-19-ന്റെ ഒന്നാം തരംഗവും തുടർന്നുള്ള മാസങ്ങളിലെ ലോക്ക്ഡൗണും കാരണം സർക്കാർ ഓഫീസുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കാതിരുന്നതും എസ്.ആർ.ഒ. നം. 275/2020 ഉം എസ്.ആർ.ഒ. നം. 345/2020-ാം നമ്പർ ഭേദഗതി ചട്ടവും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് കാലതാമസം നേരിട്ടു. പിന്നീട് കാലതാമസപ്പത്രിക സഹിതം സമർപ്പിക്കുകയും മൂലചട്ടം 01-06-2021-ന് സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. എസ്.ആർ.ഒ. നം. 345/2020 ഭേദഗതി ചട്ടം 07-09-2021-

ൽ കൂടിയ വിഷയനിർണ്ണയ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ സാധൂകരിച്ചിട്ടുമുണ്ട്. കാലതാമസപ്പത്രിക സഹിതം പ്രസ്തുത വിജ്ഞാപനം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിന് സമർപ്പിച്ചിട്ടുണ്ട്. 10-06-2021-ലേയും 04-08-2021-ലേയും മൂലചട്ടത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ 26-05-2020-ൽ പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നം. 345/2020 ഭേദഗതിയുമായി യാതൊരു തരത്തിലും ബന്ധമുള്ളതല്ല. ബഹുമാനപ്പെട്ട അംഗങ്ങൾ സമർപ്പിച്ച നിർദ്ദേശങ്ങൾക്ക് മറുപടി നൽകിയ സന്ദർഭത്തിൽ പുതിയ ഭേദഗതിയുമായി പ്രസ്തുത നിർദ്ദേശങ്ങൾക്ക് ബന്ധമില്ലാത്തതിനാൽ ഭേദഗതിയുടെ കാര്യം മറുപടിയിൽ പരാമർശിക്കേണ്ടി വന്നിട്ടില്ല. ആയതിനാൽ എസ്.ആർ.ഒ. നം. 345/2020-ന്റെ കാര്യം സർക്കാർ മറച്ചുവച്ചുവെന്നും നിയമസഭാംഗങ്ങളുടെ അവകാശം കവർന്നെടുത്തുവെന്നുമുള്ള പരാമർശം വസ്തുതാപരമായി ശരിയല്ലെന്ന കാര്യം അറിയിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ വകുപ്പുതലത്തിൽ ബോധപൂർവ്വമായ കാലതാമസം വന്നിട്ടുണ്ടോയെന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.